## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6707 | 12.07.2012-ൽ മറുപടിയ്ക്ക്

### പ്ലൈവുഡ് വ്യവസായത്തിനുള്ള എൻ. ഒ. സി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പ്ലൈവുഡ് വ്യവസായം ആരംഭിക്കുന്നതിനുള്ള എൻ.ഒ.സി. ലഭിക്കാനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) കേരളത്തിൽ പ്ലൈവുഡ് വ്യവസായം ആരംഭിക്കുന്നതിന് Kerala Forest (Regulation of Sawmills and other wood based industrial units) Rules 2012 പ്രകാരം വനം വകുപ്പിന്റെ ലൈസൻസ് നേടേണ്ടതുണ്ട്. റബ്ബർ തടി അസംസ്കൃത വസ്തുവായി ലഭ്യമായതിനാൽ റബ്ബർ തടി ഉപയോഗിക്കുന്ന പുതിയ വ്യവസായ യൂണിറ്റുകൾക്ക് മേൽ പറഞ്ഞ ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കാവുന്നതാണ്. ലൈസൻസ് ലഭിക്കുന്നതിന് ടി ചട്ടങ്ങളിലെ ഫാറം I(B) പ്രകാരം അതാതു പ്രദേശത്ത് അധികാരപരിധിയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. |
| (ബി) വനം വന്യജീവി വകുപ്പ് ഇറക്കിയ സർക്കാർ ഉത്തരവ് നമ്പർ 51/2012 - ൽ എന്താണ് നിഷ്കർഷിച്ചതെന്ന് പറയാമോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) 19.04.2012 ലെ GO(P)No.51/2012/F&WLD നമ്പർ സർക്കാർ ഉത്തരവ്, Kerala Forest (Regulation of Sawmills and other wood based industrial units) Rules 2012 ആകുന്നു. ഇത് SRO No.269/2012 എന്ന നമ്പരായി 19.04.2012 ൽ അസാധാരണ ഗസറ്റ് നമ്പർ 805 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു. |
| (സി) ഇതു പ്രകാരം നോഡൽ ഓഫീസർമാരെയും അഡ്വൈസറി കമ്മിറ്റിയേയും നിയോഗിച്ചിട്ടുണ്ടോ; | (സി) ടി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ആതറൈസ്ഡ് ഓഫീസർമാരെയും ചട്ടം 19(2) പ്രകാരം അപ്പലേറ്റ് അധികാരികളെയും നിയമിച്ച് വിജ്ഞാപനം ചെയ്യേണ്ടതും ചട്ടം 26 പ്രകാരം അഡ്വൈസറി കമ്മിറ്റിയെ നിയമിക്കേണ്ടതുമാണ്. അതനുസരിച്ച് ആതറൈസ്ഡ് ഓഫീസർമാരെയും അപ്പലേറ്റ് അധികാരികളെയും നിയമിച്ചുകൊണ്ട് സർക്കാർ |

വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അഡൈ്വസറി കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) എൻ. ഒ. സി. നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദ വിവരം നൽകാമോ?

(ഡി) Kerala Forest (Regulation of Sawmills and other wood based industrial units) Rules 2012 പ്രകാരം ആതറൈസ്ഡ് ഓഫീസർമാരെയും അപ്പലേറ്റ് അതോറിറ്റിയെയും നിയമിച്ചുകൊണ്ട് വിജ്ഞാപനം, പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30.10.2002 നു മുമ്പുണ്ടായിരുന്ന യൂണിറ്റുകൾക്ക് ലൈസൻസ് നൽകാൻ ഇപ്പോൾ തടസ്സമില്ല. ചട്ടങ്ങളിലെ മറ്റു വിഭാഗങ്ങളിൽപ്പെടുന്ന വ്യവസായ യൂണിറ്റുകൾക്കുള്ള ഒറ്റത്തവണഫീസ് സംബ-ന്ധിച്ചും ഉപദേശക സമിതി സംബന്ധിച്ചുമുള്ള കാര്യങ്ങൾക്ക് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**